**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3272** **08-10-2025 - ൽ മറുപടിയ്ക്ക്**

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസിലെ രണ്ടാം റീച്ചിന്റെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | തങ്കളം കോഴിപ്പിള്ളി ന്യൂബൈപ്പാസിലെ രണ്ടാം റീച്ചിലെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം ഇപ്രകാരമാണ്.<br><br>70% Subgrade Formation പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടി.ബി. കുന്ന് ഭാഗത്ത് സ്ഥലമേറ്റെടുത്ത് മണ്ണ് നീക്കം ചെയ്ത ഭാഗത്ത് വശങ്ങളിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കരിങ്കൽ സംരക്ഷണ ഭിത്തികളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാനകളുടെയും കലുങ്കുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോടതി വ്യവഹാരം നിലനിൽക്കുന്ന 100 മീറ്ററോളം ഭാഗത്ത് നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോടതി വ്യവഹാരം നിലനിൽക്കുന്ന ഭാഗത്തൊഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ